പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 421 — 13-07-09 -ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെൻറ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി. ടി. എ. റഹീം.<br>" വി. ശിവൻകുട്ടി<br>" സാജു പോൾ<br>" കെ. കുഞ്ഞിരാമൻ<br>" ആർ. സെൽവരാജ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |

(എ) എക്സൈസ് വകുപ്പിൽ എൻ ഫോഴ്സ്മെൻറ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) എൻഫോഴ്സ്മെൻറ് ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി വകുപ്പിൻെറ ജില്ലാതല ഭരണസംവിധാനം പുന:സംഘടിപ്പിച്ചു. എൻഫോഴ്സ്മെൻറ് വിഭാഗത്തിൽ നിലവിലുണ്ടായിരുന്ന 6 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ ജോയിൻറ് എക്സൈസ് കമ്മീഷണർമാരുടേതായി ഉയർത്തി. ജില്ലാ ഭരണം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ചുമതലയിലാക്കുകയും 14 ജില്ലകളിലും അപ്ഗ്രഡേഷൻ വഴി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരെ നിയമിക്കുകയും ചെയ്തു. എൻഫോഴ്സ്മെൻറിനു മാത്രമായി എല്ലാ ജില്ലകളിലും അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാരെ നിയോഗിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും Striking force ൻെറയും ജില്ലാതല സ്പെഷ്യൽ സ്ക്വാഡിൻെറയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തി. മേജർ ചെക്ക് പോസ്റ്റുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ ചുമതലയിലാക്കി. 11 പുതിയ റെയ്ഞ്ചുകൾ അനുവദിക്കുകയും 278 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 10 വർഷമായി മുടങ്ങിക്കിടന്നിരുന്ന ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടി പുനരാരംഭിച്ചു. 308 പേർക്ക് ആയുധ പരിശീലനവും നൽകി. 110 പിസ്റ്റളുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ മാറ്റുന്നതിൻെറ ഭാഗമായി 95 ജീപ്പുകളും 30 മോട്ടോർ ബൈക്കുകളും പുതുതായി വാങ്ങിയിട്ടുണ്ട്. 274 വനിതാ ഗാർഡുമാരെ നിയമിക്കാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്. ഇൻറർ ഡിവിഷൻ പെർമിറ്റ് ഉപയോഗിച്ച് പാലക്കാടു നിന്നും കൊണ്ടു വരുന്ന കള്ള് പരിശോധനയ്ക്കായി കുമ്പഴ പ്രത്യേക ചെക്ക് പോസ്റ്റ് സ്ഥാപിച്ചു. പ്രധാന റെയിൽവേ സ്റ്റേഷനുകളിൽ **Surveillance Post** കൾ സ്ഥാപിക്കുന്നതിൻെറ ഭാഗമായി എറണാകുളം റെയിൽവേ സ്റ്റേഷനിൽ **Surveillance Post** പ്രവർത്തനം ആരംഭിച്ചു. ചെക്ക് പോസ്റ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും അവിടെ സ്കാനർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും നടപടികളെടുത്തിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ നൽകുന്നതിനുള്ള നടപടികളെടുത്തു വരുന്നു.

(ബി) ഇതിനായി പ്രത്യേക വിഭാഗം രൂപീകരിക്കുമോ;

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) മേജർ ചെക്ക് പോസ്റ്റുകൾ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിൻ കീഴിലാക്കി അധികതസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കുന്നതിനും, സ്നിഫർ ഡോഗിൻെറ സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടികളെടുത്തു വരുന്നു. ചെക്ക് പോസ്റ്റുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന കാര്യവും സർക്കാരിൻെറ പരിഗണനയിലാണ്.

(ഡി) എക്സൈസ് വകുപ്പിലെ വിജിലൻസ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി) വിജിലൻസ് വിഭാഗം ഇപ്പോൾത്തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *422 13.7.2009 ൽ മറുപടിക്ക്*

ഫാക്ടറി തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടികൾ

| ചോദ്യം: | മറുപടി |
| --- | --- |
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.കെ.സി.രാജഗോപാലൻ | **ശ്രീ. പി. കെ. ഗുരുദാസൻ**<br>**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)** |
| എ) ഫാക്ടറി തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) ഫാക്ടറി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം . ഫാക്ടറി തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനായി ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിൽ ഒരു ആരോഗ്യ സുരക്ഷിതത്വ ഉപദേശക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ 4 ഡോക്ടർമാരും 4 കെമിക്കൽ ഇൻസ്പെക്ടർമാരും 1 കെമിസ്റ്റും ഉൾപ്പെടുന്നു. വകുപ്പിലെ ഡോക്ടർമാർ അപകട സാദ്ധ്യതയുള്ള ഉൽപ്പാദനപ്രക്രിയകളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികളെ വൈദ്യപരിശോധന നടത്തുകയും അവരുടെ ഹെൽത്ത് രജിസ്റ്റർ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. പരിശോധനയിൽ ഏതെങ്കിലും തൊഴിലാളിക്ക് ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ ആ തൊഴിലാളിയെ വിദഗ്ദ്ധ പരിശോധനയ്ക്ക് റഫർ ചെയ്യുകയും ആ സെക്ഷനിൽ നിന്നും മാറ്റി നിറുത്തുന്നതിനുള്ള ഉപദേശം ഫാക്ടറി മാനേജ്മെൻറിന് നൽകു കയും ചെയ്യുന്നു. |

ബി)തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനായി ഫാക്ടറികളിൽ സംവിധാനം ഏർപ്പെടുത്തുന്നതിന് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ് നിഷ്ക്കർഷിക്കാറുണ്ടോ;

ബി) തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ മുൻകരുതലുകൾ ഫാക്ടറികളിൽ ഏർപ്പെടുത്തണമെന്ന് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഫാക്ടറി മാനേജ്മെൻറിന് നിർദ്ദേശം നൽകുകയും അവ നിരീക്ഷിച്ചു വരികയും ചെയ്യുന്നു. ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിലെ ജോയിൻറ് ഡയറക്ടർമാർ, മെഡിക്കൽ ഓഫീസർമാർ, കെമിക്കൽ ഇൻസ്പെക്ടർമാർ എന്നിവർ ഫാക്ടറികളിൽ കൂടെക്കൂടെ പരിശോധന നടത്തുകയും തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. വകുപ്പിലെ ഉദ്യോഗസ്ഥൻമാർ തൊഴിൽശാലകൾ പരിശോധിച്ച് പഠനം നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ വിദഗ്ദ്ധോപദേശങ്ങൾ നൽകുകയും ചെയ്യുന്നു.

സി)തൊഴിൽജന്യരോഗങ്ങളെ സംബന്ധിച്ച് വകുപ്പ് സർവ്വേ നടത്തുമോ;

സി) തൊഴിൽജന്യ രോഗങ്ങളെ സംബന്ധിച്ച് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ് സർവ്വേകൾ നടത്തിവരുന്നു. കയർമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വപ്രശ്നങ്ങളെപ്പറ്റി ഒരു പ്രാരംഭ മാതൃകാപഠനം ആലപ്പുഴ ജില്ലയിൽ നടത്തുകയുണ്ടായി. കശുവണ്ടിമേഖലയിലും മെറ്റൽ ക്രഷർ, പ്ലൈവുഡ് നിർമ്മാണമേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ഇതുപോലുള്ള സർവ്വേകൾ നടത്താനും തൊഴിൽജന്യ രോഗങ്ങൾ തടയാനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കാനും വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു.

| | |
|---|---|
| ഡി)കെമിക്കൽ ഫാക്ടറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൊച്ചിയിൽ സ്ഥാപിക്കുന്ന കെമിക്കൽ എമർജൻസി റെസ്പോൺസ് സെൻറർ പ്രവർത്തനമാരംഭി ച്ചിട്ടുണ്ടോ; | ഡി) കെമിക്കൽ ഫാക്ടറികളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൊച്ചി യിൽ ആരംഭിക്കുന്ന കെമിക്കൽ എമർജൻസി റെസ്പോൺസ് സെൻററിൻെറ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഇതിനായി PWD വകുപ്പിന് 42 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഈ വർഷം തന്നെ ഇതിൻെറ പണി പൂർത്തീകരിക്കുന്നതാണ്. |
| ഇ)ഫാക്ടറികളുടെ സമീപം താമസിക്കുന്ന ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കു ന്നതിന് കൂടി ഫാക്ടറീസ് ആൻറ് ബോയി ലേഴ്സ് വകുപ്പ് നടപടി സ്വീകരിക്കുമോ? | ഇ) ഫാക്ടറികളുടെ സമീപം താമസിക്കുന്ന ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തു ന്നതിനും പരിസരവാസികളുടെ ആരോഗ്യം, സുരക്ഷ എന്നീ കാര്യങ്ങൾ പരിരക്ഷി ക്കുവാനും വേണ്ട നിർദ്ദേശങ്ങൾ ഫാക്ടറി മാനേജ്മെൻറിന് ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പ് നൽകി വരുന്നുണ്ട്. |

Vivekanand

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 423 — 13/07/2009-ൽ മറുപടിക്ക്

## പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതിയും കുടിവെള്ളവും എത്തിക്കുന്നതിന് നടപടികൾ

ചോദ്യം

ശ്രീ. ബി. രാഘവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീമതി. കെ. കെ. ലതിക :
ശ്രീ. എസ്. രാജേന്ദ്രൻ :

മറുപടി

**ശ്രീ. എ. കെ. ബാലൻ**
പട്ടിക സമുദായ ക്ഷേമവും
ഊർജ്ജവും വകുപ്പു മന്ത്രി.

| | | | |
|---|---|---|---|
| (എ) | പട്ടികജാതി കോളനികളിലും പട്ടികവർഗ്ഗ സങ്കേതങ്ങളിലും വൈദ്യുതിയും കുടിവെള്ളവും എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | കോർപ്പസ് ഫണ്ട്, അധിക കേന്ദ്ര സഹായം (എ.സി.എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഗ്രാന്റ്-ഇൻ-എയ്ഡ്, എം.പി./ എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട്, എന്നിവ വിനിയോഗിച്ചും, ഗ്രാമീണ വൈദ്യുതീ കരണം, അനർട്ട്, സംസ്ഥാന വൈദ്യുതി ബോർഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും കോളനികളിലും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കോർപ്പസ് ഫണ്ട്, അധിക കേന്ദ്ര സഹായം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഗ്രാന്റ്-ഇൻ-എയ്ഡ്, എം.പി./എം. എൽ.എ. എന്നിവരുടെ പ്രാദേശിക<br>...2 |

| | | | |
|---|---|---|---|
| | | | വികസന ഫണ്ട്, ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി (എ.ആർ.പി.), ജപ്പാൻ കുടിവെള്ള പദ്ധതി, നബാർഡ് വായ്പ കൊണ്ട് നടപ്പിലാക്കുന്ന പദ്ധതി, അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT) തുടങ്ങിയ പദ്ധതികൾ വഴി കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇനിയും എത്ര കോളനികളിലും സങ്കേതങ്ങളിലും വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കാനുണ്ടെന്ന് അറിയിക്കുമോ ; | (ബി) | സംസ്ഥാനത്ത് 1,439 പട്ടികജാതി കോളനികളിലും 1,305 പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതിയും, 1,692 പട്ടികജാതി കോളനികളിലും 1,265 പട്ടികവർഗ്ഗ കോളനികളിലും കുടിവെള്ളവും ലഭ്യമാക്കാനുണ്ട്. |
| (സി) | ഈ രംഗത്ത് ഈ സർക്കാർ വന്നശേഷം ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,116 പട്ടികജാതി കോളനികളും 199 പട്ടികവർഗ്ഗ കോളനികളും വൈദ്യുതികരിച്ചിട്ടുണ്ട്. 1,467 പട്ടികജാതി കോളനികളിലും 63 പട്ടികവർഗ്ഗ സങ്കേതങ്ങളിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ വർഷം എത്ര പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ; | (ഡി) | കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഗ്രാന്റ്-ഇൻ-എയ്ഡ്, എന്നിവ വിനിയോഗിച്ചും, റൂറൽ ഇലക്ട്രിഫിക്കേഷൻ പ്രോഗ്രാം, സമ്പൂർണ്ണ ഊർജ ....3 |

| | | | |
|---|---|---|---|
| | | | സുരക്ഷാ മിഷൻ എന്നിവ മുഖേനയും, വൈദ്യുതീകരിക്കാൻ ശേഷിക്കുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 2 വർഷം കൊണ്ട് വൈദ്യുതി ലഭ്യമാക്കുന്നതാണ്. |
| (ഇ) | എത്ര പട്ടികജാതി കോളനികളിൽ ഈ വർഷം കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഇ) | ഈ വർഷം എ.സി.എ. പദ്ധതിയിൽ ഉൾപ്പെടുത്തി 138 കോളനികളിൽ കുടിവെള്ളം എത്തിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്-ഇൻ-എയ്ഡ്, കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, എന്നിവ വിനിയോഗിച്ചും, കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി (എ.ആർ.പി.), ജപ്പാൻ കുടിവെള്ള പദ്ധതി, നബാർഡ് വായ്പ കൊണ്ട് നടപ്പിലാക്കുന്ന പദ്ധതി, അർബർ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മോൾ ആന്റ് മീഡിയം ടൗൺസ് (UIDSSMT) എന്നിവ മുഖേനയും 2 വർഷം കൊണ്ട് അവശേഷിക്കുന്ന എല്ലാ കോളനികളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 424 13-07-2009-ൽ മറുപടിക്ക്

### ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം

ചോദ്യം മറുപടി

| | | |
|---|---|---|
| ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. സി.കെ.പി.പത്മനാഭൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ | | ശ്രീ.എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ) | ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള റവന്യു ഭൂമിക്ക് പട്ടയം നൽകുന്നതിന് റവന്യു വകുപ്പ് മുഖേനയും, വനഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിന് റവന്യു, വനം, പട്ടികവർഗ്ഗ വികസന വകുപ്പുകൾ സംയുക്തമായും നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിതരും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമായ ആദിവാസി കുടുംബങ്ങളുടെ പുനരധിവാസത്തിന് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പരിപാടിയും തുടർന്നു വരുന്നു. പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, മിച്ച ഭൂമി, കണ്ണൂർ ജില്ലയിലെ ആറളം ഫാം, ആലക്കോട് എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ഭൂമി തുടങ്ങിയവ അർഹരായ ആദിവാസി കുടുംബങ്ങൾക്ക് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വനാവകാശ നിയമമനുസരിച്ച് വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇനി എത്ര പേർക്കാണ് ഭൂമി ലഭിക്കാനുള്ളതെന്നും വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കുമോ ; | ഏകദേശം 17000 ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി ലഭിക്കാനുണ്ടെന്ന് കണക്കാക്കുന്നു. ഇതു കൂടാതെ ഒരേക്കറിൽ താഴെ നാമമാത്ര ഭൂമിയുള്ള 30000-ത്തോളം കുടുംബങ്ങളുണ്ട്. വനാവകാശ നിയമ പ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല. ഇതിനു വേണ്ടി 1.06 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | ഏതെല്ലാം വന മേഖലകളിലാണ് ഇപ്പോൾ സർവ്വേ നടക്കുന്നതെന്നും ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് നൽകാൻ ഉദ്ദേശിക്കുന്ന-തെന്നും വ്യക്തമാക്കുമോ ? | വയനാട് ജില്ലയിലെയും, പാലക്കാട് ജില്ലയിലെയും വനമേഖലകളിലാണ് ഇപ്പോൾ സർവ്വേ നടന്നു വരുന്നത്. 13-12-2005-ന് മുമ്പ് ആദിവാസികളുടെ കൈവശമുണ്ടായിരുന്ന ഭൂമി എത്രയാണോ അതിന് പട്ടയം നൽകാനാണ് വനാവകാശ നിയമം അനുശാസിക്കുന്നത്. ഇത് പരമാവധി 4 ഹെക്ടർ (ഉദ്ദേശം 10 ഏക്കർ) ഭൂമി വരെയായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. റ്റി. 425 — 13.07.2009 -ൽ മറുപടിയ്ക്ക്

## കശുമാവ് കൃഷി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>" കെ.വി. കുഞ്ഞിരാമൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കശുവണ്ടി ഉല്പാദനം എത്രയാണ്; ഉല്പാദനം എത്ര കണ്ട് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) കേരളത്തിലെ കശുവണ്ടി ഉൽപാദനം ഏകദേശം 65,000 മെ.ടൺ ആണ്. ഉൽപാദനം ഒരു ലക്ഷത്തിൽപ്പരം ടണ്ണായി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) ഗുണമേന്മയേറിയ കശുമാവ് നടീൽ വസ്തുക്കൾ വൻതോതിൽ ഉൽപാദിപ്പിച്ച് കർഷകർക്ക് നൽകുവാൻ സാധിക്കുന്ന ആധുനിക സംവിധാനങ്ങളോടു കൂടി മോഡൽ നഴ്സറികളും, ചെറിയ നഴ് സറികളും സ്ഥാപിക്കുക, 10,000 ഹെക്ടറിൽ പുതിയ കശുമാവ് തോട്ടവും 10,000 ഹെക്ടറിൽ കശുമാവ് തോട്ടങ്ങളുടെ പുനരുദ്ധാരണവും നടപ്പിലാക്കുക, ജൈവവള പ്രയോഗം പ്രാവർത്തികമാക്കുന്നതിന് മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുക, 2,000 ഹെക്ടറിൽ കശുമാവ് ജൈവകൃഷി നടത്തുക, നടീൽ വസ്തുക്കളുടെ ഉൽപാദനം, നഴ് സറി പരിചരണം, കശുമാവ് തോട്ടങ്ങളുടെ ശാസ്ത്രീയ പരിപാലനം തുടങ്ങിയ വിഷയങ്ങളെപ്പറ്റി കർഷകരെയും പൊതുജനങ്ങളെയും ബോധവാന്മാരാക്കുന്നതിന് പരിശീലന പരിപാടികൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കു |

| | | | |
|---|---|---|---|
| | | | ക, കശുമാവ് തോട്ടങ്ങളിൽ പരാഗണം ത്വരിതപ്പെടുത്തുന്നതിന് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുക, കശുവണ്ടി ശേഖരിച്ച് ഉണക്കുവാനും, തരംതിരിച്ച് സൂക്ഷിക്കുവാനും ഉള്ള അടിസ്ഥാന സൗകര്യവികസനം, ഗോഡൗണുകൾ നിർമ്മിക്കുക എന്നിവയാണ് പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി കൃഷി നടത്തും; ഇതിനായി കർഷകർക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ? | (സി) | പുതുതായി 10,000 ഹെക്ടർ സ്ഥലത്ത് കൃഷി നടത്താനാണുദ്ദേശിക്കുന്നത്.<br>ഒരു ഹെക്ടർ സ്ഥലത്ത് 7 X 7 മീറ്റർ അകലത്തിൽ 200 ചെടികൾ നടുന്നതിന് നാഷണൽ ഹോർട്ടികൾച്ചർമിഷൻ (NHM) ധനസഹായമായി 11,250 രൂപ നൽകും. കേരളത്തിലെ വേതന വ്യവസ്ഥ കണക്കിലെടുത്ത് ഒന്നാം വർഷം കേരള സർക്കാരിന്റെ ധനസഹായമായി ഹെക്ടറിന് 5,800 രൂപ കൂടി നൽകും. അതായത് കർഷകന് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് മൊത്തം 17,000 രൂപ ധനസഹായം ലഭിക്കും. ഇതിൽ 200 ഒട്ടുതൈയുടെ വിലയായ 4,000 രൂപ കഴിച്ച് ബാക്കി തുകയായി നൽകും. ധനസഹായം 50:30:20 എന്ന അനുപാദത്തിൽ 3 വാർഷിക ഗഡുക്കളായാണ് നൽകുക. ഒരു കർഷകന് പരമാവധി 4 ഹെക്ടർ സ്ഥലത്തെ കൃഷിക്ക് ധനസഹായത്തിന് അർഹതയുണ്ട്. |
| (ഡി) | കശുമാവ് പുന:കൃഷിക്കും പദ്ധതി പ്രകാരം സഹായം നൽകുമോ ? | (ഡി) | കശുമാവ് പുന:കൃഷിക്ക് ഹെക്ടറിന് 15,000 രൂപ ധനസഹായം നൽകുന്നതാണ്. ഈ തുക ഒറ്റ ഗഡുവായാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *426 — 13. 07. 2009 ൽ മറുപടിയ്ക്ക്

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. വി. ശശി കുമാർ | ശ്രീ. പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ് മെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) കേരളത്തിന്റെ വികസനത്തിന് മുൻതൂക്കം നൽകികൊണ്ട് തൊഴിൽ രംഗത്തു വിവിധ പ്രവർത്തന പരിപാടികൾ നടത്തിവരുന്നു. തൊഴിൽ മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കൾ, അസംഘടിത തൊഴിലാളികൾ, ക്ഷേമനിധി ബോർഡുകൾ, വ്യവസായ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മാനേജ്മെന്റ് വക്താക്കൾ, തൊഴിൽ എംപ്ലോയ്മെന്റ്, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ മുതലായവർക്ക് തൊഴിൽ അനുബന്ധ വിഷയങ്ങളിൽ പരിശീലന പരിപാടികളും, ശില്പശാലകളും, സെമിനാറുകളും സംഘടിപ്പിക്കുന്നു.<br><br>ഇതോടൊപ്പം തൊഴിൽ മേഖലയിൽ അനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ ഗവേഷണവും മൺമറഞ്ഞ പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളായ സി. കണ്ണൻ, എൻ.ശ്രീകണ്ഠൻ നായർ, ആർ. സുഗതൻ, സി.എം. സ്റ്റീഫൻ എന്നിവരുടെ സ്മരണാർത്ഥം പ്രഭാഷണ പരമ്പരയും നടത്തിവരുന്നു. |
| (ബി) കിലെയുടെ ആഭിമുഖ്യത്തിൽ ഏതെല്ലാം പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നുണ്ട്; ഇവിടെ തൊഴിലാളികളുടെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) 1) പി.ജി. ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് - (2 വർഷം).<br>2) ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ് മെന്റ് - (1 വർഷം).<br>3) ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് - (1 വർഷം). |

തൊഴിൽ വകുപ്പിൻ കീഴിലുള്ള വിവിധ ക്ഷേമ നിധി ബോർഡുകളിൽ അംഗത്വമുള്ള തൊഴിലാളികളുടെ മക്കൾക്ക് മേൽ പറഞ്ഞ കോഴ്സുകൾക്ക് 15% സംവരണം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | കേരളത്തിലെ തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കിലെ വേദി ഒരുക്കാറുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആക്കുന്നതിനുവേണ്ടി പദ്ധതി ആസൂത്രണം ചെയ്യുമോ? | ഡി) | ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 427 — 13.07.2009-ൽ മറുപടിക്ക്

സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് മിനിമം കൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ് ബിജി മോൾ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ. അജിത്ത്<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്നവരുടെ തൊഴിൽ, വേതനം എന്നിവ സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം ഇപ്പോൾ നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ ജീവനക്കാർക്ക് മിനിമം കൂലി നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 428 — 13/7/2009-ൽ മറുപടിക്ക്

## കുട്ടനാട് പാക്കേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതോടുകൂടി കർഷക തൊഴിലാളികളുടെ താത്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതോടുകൂടി കുട്ടനാട്ടിലെ കാർഷിക മേഖല വിപുലമാക്കി പരമാവധി കാർഷിക ഉൽപ്പാദനം നേടിയെടുക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഇപ്പോൾ തരിശായി കിടക്കുന്ന കുട്ടനാട്ടിലെ എല്ലാ പാടശേഖരങ്ങളും കൃഷിയോഗ്യമാക്കുന്നതോടെ കൃഷിപ്പണി ചെയ്യാൻ ധാരാളം കർഷക തൊഴിലാളികളുടെ ആവശ്യം വരികയും ഇതുമൂലം ഈ മേഖലയിലെ കർഷക തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ കൂടുതലായി ലഭിക്കുകയും ചെയ്യും.<br>കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ ബണ്ടുനിർമ്മാണം നടക്കുമ്പോൾ കർഷക തൊഴിലാളികളുടെ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന അനുബന്ധ കൃഷികളായ താറാവുവളർത്തൽ, മത്സ്യ കൃഷി എന്നിവയുടെ വികസന സാധ്യതകൾ ഉണ്ടാവുകയും അതുമൂലം ധാരാളം തൊഴിലവസരങ്ങൾ കർഷക തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്യും. |

| | | | |
|---|---|---|---|
| (ബി) | ഈ പാക്കേജുമായി ബന്ധപ്പെടുത്തി കർഷക തൊഴിലാളികൾക്ക് എന്തെല്ലാം നേട്ടം കൈവരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ബി) | ഇപ്പോൾ കുട്ടനാട്ടിൽ തരിശായി കിടക്കുന്ന 1/3 ഭാഗം കൃഷിയിടം കൃഷി യോഗ്യമാക്കുന്നതോടെ കർഷക തൊഴിലാളികൾക്ക് നിരവധി തൊഴിൽ സാധ്യതകളും വന്നുചേരും. ജലാശയങ്ങളുടെ പുനരുദ്ധാരണം, റോഡു നിർമ്മാണം, ബണ്ടുകളുടെ അറ്റകുറ്റപണികൾ, മത്സ്യ കൃഷി, താറാവു കൃഷി തുടങ്ങിയ പദ്ധതികൾ എല്ലാം തന്നെ കർഷക തൊഴിലാളികളുടെ ക്ഷേമത്തിനുതകും. |
| (സി) | കർഷക തൊഴിലാളികൾക്കും, കർഷകർക്കും യോജിച്ച് പ്രവർത്തിച്ച് കുട്ടനാട് പാക്കേജ് വിജയിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി എന്തെല്ലാം ബോധവത്ക്കരണ നടപടികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | കുട്ടനാട് പാക്കേജിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് കർഷക-കർഷക തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തി യോഗങ്ങൾ വിളിച്ചുചേർത്ത് വിശദീകരണങ്ങൾ നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ നടപ്പു പദ്ധതികളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടന്നുവരുന്നു. |

Suna (signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 429 — 13.07.2009-ൽ മറുപടിയ്ക്ക്

## വൈദ്യുതി പ്രസരണ നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. എം. ചന്ദ്രൻ ;<br>ശ്രീ.എം. ജെ ജേക്കബ് ;<br>ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈദ്യുതി പ്രസരണ നഷ്ടം എത്ര ശതമാനമായിരുന്നു എന്നും ഇപ്പോൾ എത്രയാണ് എന്നും അറിയിക്കുമോ ; | (എ) 2005-06 വർഷത്തെ പ്രസരണ വിതരണ നഷ്ടം 24.59% ആയിരുന്നു. എന്നാൽ 2008-09 വർഷത്തിൽ ഇത് 20.98% ആയി കുറഞ്ഞു. |
| (ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി എത്ര സബ് സ്റ്റേഷനുകൾ നിർമ്മിച്ചു എന്നും, എത്ര സബ്സ്റ്റേഷനുകൾ കൂടി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും അറിയിക്കുമോ ; | (ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ അൻപത്തി അഞ്ച് (55) സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി. കൂടാതെ 2009-10 സാമ്പത്തിക വർഷത്തിൽ അറുപത്തി നാലു (64) സബ് സ്റ്റേഷ നുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) ഇവ പൂർത്തിയാകുമ്പോൾ പ്രസരണ നഷ്ടം എത്ര ശതമാനമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (സി) പ്രസരണ വിതരണ നഷ്ടം 2011-12 ആകുമ്പോൾ 15.09% ആയി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 430 — 13-07-09 -ൽ മറുപടിക്ക്.

## മദ്യനിരോധന നയം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. ഗുരുദാസൻ (തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യാസക്തി കേരളീയ സമൂഹത്തിൽ വർദ്ധിച്ച് വരുന്നത് മുൻനിർത്തി, അവമൂലം ഉണ്ടാകുന്ന സാമൂഹ്യ വിപത്തുകളെ പ്രതിരോധിക്കുന്നതിന് ശക്തമായ മദ്യനിരോധന നയത്തിന് രൂപം നൽകാൻ തയ്യാറാകുമോ; | (എ) സമ്പൂർണ്ണ മദ്യനിരോധനം, അശാസ്ത്രീയവും അപ്രായോഗികവുമാണ്. ബോധവത്ക്കരണത്തിലൂടെ മദ്യവർജ്ജനം നടപ്പാക്കുക എന്നതാണ് സർക്കാർ നയം. |
| (ബി) മദ്യനിരോധനത്തിനും മദ്യഷാപ്പുകൾ ഒഴിവാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരുന്ന അധികാരം തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) പഞ്ചായത്ത് രാജ് / നഗരപാലിക ആക്റ്റിലെ റദ്ദു ചെയ്ത വകുപ്പുകൾ പുന:സ്ഥാപിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയും, അത് മറ്റ് സാമൂഹ്യ പ്രശ്നങ്ങൾക്ക് ഇടയാക്കുകയും ചെയ്യും എന്നതിനാൽ, പ്രസ്തുത വകുപ്പുകൾ, പുന:സ്ഥാപിക്കാൻ പാടില്ല എന്നുള്ളതാണ് നികുതി (എക്സൈസ്) വകുപ്പിന്റെ നിലപാട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 431 | 13.07.2006-ൽ മറുപടിക്ക്

## ഓണച്ചന്തകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| എ) ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഈ വർഷവും നടത്തുവാൻ പദ്ധതിയുണ്ടോ;<br>ബി) എങ്കിൽ ഇതിനായി എത്ര ഓണച്ചന്തകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; | എ) & ബി) ഉണ്ട്. ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് ഏകദേശം 5000 ഓണച്ചന്തകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| സി) ഓണച്ചന്തകൾക്കാവശ്യമായ ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ നേരത്തേതന്നെ ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) നടപടികൾ സ്വീകരിക്കും. |
| ഡി) എത്ര ശതമാനം വിലക്കുറവിലാണ് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നത്; | ഡി) പൊതുവിപണിയിൽ നിന്നും 10% മുതൽ 30% വരെ വിലക്കുറച്ച് നിത്യോപയോഗ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ) അരിവിലയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ അരി ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) അരിയ്ക്ക് പൊതുവിപണിയിൽ വിലക്കയറ്റം ചെറിയ തോതിൽ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ ആ സ്ഥിതി മാറിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അരി കുറഞ്ഞ ചെലവിൽ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും നേരിട്ട് മുൻകൂട്ടി സംഭരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 432 13.07.2009-ലെ മറുപടിക്ക്

നിർമ്മാണതൊഴിലാളി ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹിദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ബാബു | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) നിർമ്മാണതൊഴിലാളി ക്ഷേമ നിധിയിൽ നിന്നും ഇപ്പോൾ എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) ഉപകരണ വായ്പ, മരണാനന്തര ചെലവിന് ധനസഹായം, മരണാനന്തര ധനസഹായം, അപകടമരണ ധന സഹായം, അവശതാ ധനസഹായം, സാധാരണ രോഗ ചികിത്സാ ധനസ ഹായം, അപകട ചികിത്സാ ധനസഹായം, മാരകരോഗ ചികിത്സാ ധനസഹായം, വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, പ്രൊഫഷണൽ കോഴ്സു കൾക്കുള്ള എൻട്രൻസ് കോച്ചിംഗിന് ധനസഹായം, ക്യാഷ് അവാർഡ്, വിവാഹ ധനസഹായം, പ്രസവ ധനസഹായം, റീഫണ്ട്, എസ്.എസ്. എൽ.സി. പഠനസഹായം, സാന്ത്വന ധനസഹായപദ്ധതി, അവശതാ പെൻഷൻ, 60 വയസ്സ് പൂർത്തിയായവർക്ക് പെൻഷൻ, കുടുംബ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. |
| (ബി) നിർമ്മാണ തൊഴിലാളികൾ തൊഴിലിൽനിന്ന് വിരമിക്കേണ്ട പ്രായം എത്രയാണെന്ന് വ്യക്ത മാക്കാമോ ; | (ബി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽ ഫെയർ ബോർഡിൽ അംഗത്വം എടുത്തിട്ടുള്ള തൊഴിലാളികൾ 60 വയസ്സ് പൂർത്തിയാകുമ്പോൾ വിരമിക്കുന്നതാണ്. |
| (സി) വിരമിക്കുന്ന തൊഴിലാളി കൾക്ക് നൽകുന്ന പെൻഷനെ ത്രയാണ്; | (സി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽ ഫെയർ ബോർഡിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് സർവ്വീസ് കാല ദൈർഘ്യം അനുസരിച്ച് ഏറ്റവും കുറഞ്ഞ പെൻഷനായി 250/- രൂപ മുതൽ പരമാവധി 450/- രൂപ വരെ പ്രതിമാസം പെൻഷൻ നൽകുന്നുണ്ട്. |

| | |
|---|---|
| (ഡി) അവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നുണ്ടോ; എങ്കിൽ എത്ര വീതം; | (ഡി) 1989-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് പെൻഷൻ പറ്റുമ്പോൾ ഗ്രാറ്റുവിറ്റി നൽകി വരുന്നുണ്ട്. ഓരോ വർഷവും നിക്ഷേപിച്ച അംശദായ തുകയുടെ 5.25% പലിശ യായും, അംശദായ തുകയുടെയും, പലിശയുടെയും 25% ഗ്രാറ്റ്യുറ്റിയായും കണക്കാക്കി നൽകുന്നു. എന്നാൽ 1998-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് നിലവിൽ വന്നതിനു ശേഷം അംഗത്വമെടുത്തിട്ടുള്ള തൊഴിലാളികൾക്ക് പെൻഷൻ പറ്റുമ്പോൾ ഗ്രാറ്റുവിറ്റി നൽകുന്നില്ല. |
| (എഫ്) ഇല്ലാത്തപക്ഷം ഇക്കാര്യം പരിഗണിക്കുമോ ? | (എഫ്) 01/03/1996-ൽ നിലവിൽ വന്ന ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1996 പ്രകാരം അംശദായ തുകയ്ക്ക് പലിശയും, ഗ്രാറ്റ്യുറ്റിയും നൽകാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 433 13.07.2009-ലെ മറുപടിക്ക്.

## സ്വയം പര്യാപ്തമല്ലാത്ത ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ക്ഷേമനിധി ബോർഡുകൾ വിഭാവന ചെയ്യുന്നതരത്തിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകാൻ കഴിയാത്ത ബോർഡുകളെ സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളുമായി ലയിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(ബി) ബോർഡുകളുടെ ധനസ്ഥിതി പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോ; എങ്കിൽ ധനസ്ഥിതി മോശമായ ബോർഡുകൾ ഏതെല്ലാമാണ്? | (എ & ബി) തൊഴിൽ വകുപ്പിനു കീഴിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനത്തേയും അവ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങളേയും പ്രതിസന്ധികളേയും പറ്റി പഠിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ മുൻ ലേബർ കമ്മീഷണർ ശ്രീ. എസ്. ശ്രീനിവാസൻ ഐ.എ.എസ്. ചെയർമാനായി വിവിധ ട്രേഡ് യൂണിയൻ അംഗങ്ങൾ അടങ്ങിയ 11 അംഗ കമ്മിറ്റിയെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 434 — 13.07.2009 ൽ മറുപടിയ്ക്ക്

## വൈദ്യുതി മോഷണ കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ചന്ദ്രൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>ശ്രീ. കെ. അജിത് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആകെ എന്ത് തുകയ്ക്കുള്ള എത്ര വൈദ്യുതി മോഷണ കേസ്സുകൾ ഉണ്ടായിട്ടുണ്ട്; | (എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ (01.04.2006 മുതൽ 30.06.2009 വരെ) സംസ്ഥാന വൈദ്യുതി ബോർഡിലെ APTS, ഡിവിഷൻ/ സെക്ഷൻ തല സ്ക്വാഡുകൾ എന്നിവ മുഖാന്തിരം 7838 വൈദ്യുതി മോഷണ കേസ്സുകളും 86606 അനധികൃത വൈദ്യുതി ഉപഭോഗമടക്കമുള്ള ക്രമക്കേടുകളും കണ്ടെത്തുകയുണ്ടായി. ഈ കേസ്സുകളിൽ നിന്ന് ആകെ 73.62 കോടി രൂപയുടെ പിഴയാണ് കെ.എസ്.ഇ.ബി. ഈ കാലഘട്ടത്തിനുള്ളിൽ ഈടാക്കിയിട്ടുള്ളത്. |
| (ബി) വൈദ്യുതി മോഷണം പോലെയുള്ള കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നത്<br>1) പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന രഹസ്യ വിവരങ്ങൾ ശേഖരിച്ചും<br>2) മീറ്റർ റീഡർമാരും, സബ് എഞ്ചിനീയർമാരും നൽകുന്ന വിവരങ്ങൾ അനുസരിച്ചും |

3) അനോമലി രജിസ്റ്ററിലുള്ള (സെക്ഷൻ ഓഫീസിലെ) വിവരങ്ങൾ ശേഖരിച്ചും

4) **ആന്റി പവർ** തെഫ്റ്റ് സ്ക്വാഡുകൾ **മിന്നൽ പരിശോധന നടത്തി കണ്ടുപിടിക്കുന്നത്** അനുസരിച്ചുമാണ് കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നത്.

ഇതിനുപുറമേ റീജിയണൽ ഓഡിറ്റ് ഓഫീസ് തലത്തിലും ഡിവിഷൻ സെക്ഷൻ തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് വൈദ്യുതി മോഷണം പോലെയുള്ള കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ മോഷണം സംബന്ധിച്ച് പ്രതിവർഷം ശരാശരി എത്ര പരാതികൾ ലഭിക്കുന്നുണ്ട്; ഇവയിൽ എത്ര പരാതിയിൻമേൽ അന്വേഷണം നടത്തി തെളിയിക്കാൻ കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) വൈദ്യുതി മോഷണം സംബന്ധിച്ച് പ്രതിവർഷം ശരാശരി 1200 പരാതികൾ ലഭിക്കുന്നുണ്ട്. ഈ പരാതികൾ എല്ലാം തന്നെ അന്വേഷണം നടത്തി, പിഴ അടപ്പിക്കുകയും വേണ്ട ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 13.07.2009- ൽ
നിയമസഭാ ചോദ്യം നമ്പർ : 435 മറുപടിക്ക്

**കയർ സഹകരണ സംഘങ്ങളുടെ സഞ്ചിത നഷ്ടം എഴുതിത്തള്ളാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ. എം. ആരിഫ്<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. പി. വിശ്വൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) നിഷ്ക്രിയമായിരുന്ന എത്ര സഹകരണ സംഘങ്ങളെ സർക്കാർ നടപടികളിലൂടെ പുനരുജ്ജീവിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ: സഹകരണ സംഘങ്ങളുടെ സഞ്ചിത നഷ്ടം എഴുതിത്തള്ളാൻ സർക്കാർ നടപടി സ്വീകരിക്കുമോ: | (എ) 505 സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഞ്ചിത നഷ്ടം എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇത് സംബന്ധിച്ച് സംഘങ്ങളുടെ ബാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരികയാണ്. |
| (ബി) സംഘങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കാൻ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) 2009- 10 ലെ ബഡ്ജറ്റിൽ കയർ കടാശ്വാസ പദ്ധതിയ്ക്കായി 200 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ കരട് നിയമാവലി തയ്യാറാക്കി വരികയാണ്. ഈ പദ്ധതി പ്രാവർത്തികമാകുന്നതോടെ ഒരു നിശ്ചിത മാനദണ്ഡവും പരിധിയും നിശ്ചയിച്ചുകൊണ്ട് സഹകരണ സംഘങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:436 — 13-7-2009 ൽ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും കൈമാറിയ വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>" തോമസ് ചാഴികാടൻ<br>" റോഷി അഗസ്റ്റിൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും കൈമാറിയ ചെറുകിട വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കുമോ; | എ) ബി) & സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സംരംഭകർക്കും കൈമാറിയ ചെറുകിട ജല വൈദ്യുത പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇവയുടെ ഓരോന്നിന്റെയും സ്ഥാപിതശേഷി എത്രയെന്നും ഇപ്പോഴുള്ള ഉത്പാദനം എത്രയെന്നും വിശദമാക്കുമോ; | |
| സി) ഇവയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നവ/പ്രവർത്തിക്കാത്തവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | |
| ഡി) മേൽ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അതാത് പഞ്ചായത്തുകൾ തന്നെയാണ് വിലയിരുത്താറുള്ളത്. സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികൾ ഊർജ്ജ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മറ്റിയാണ് അവലോകനം ചെയ്യുന്നത്. ഇതിന്റെ നിരീക്ഷണം (Monitoring) എനർജി മാനേജ്മെന്റ് സെന്ററിന് പ്രവർത്തിക്കുന്ന ഊർജ്ജ വകുപ്പിനു കീഴിലുള്ള സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ ആണ് നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 437 — 13/07/2009-ൽ മറുപടിക്ക്

പട്ടികജാതി - പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. ബാബു എം. പാലിശ്ശേരി :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീമതി. കെ. കെ. ലതിക : | ശ്രീ. എ. കെ. ബാലൻ<br>പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി. |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാന സർക്കാർ പട്ടിക ജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുമോ; കമ്മീഷൻ ഇതിനകം എത്ര തെളിവെടുപ്പുകൾ നടത്തിയെന്ന് അറിയിക്കുമോ ; | (എ) | താഴെ പറയുന്ന ഉദ്ദേശ ലക്ഷ്യത്തോടെയാണ് സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്.<br><br>1) കേരളത്തിലെ പട്ടികജാതികളുടേയും പട്ടിക ഗോത്രവർഗ്ഗങ്ങളുടേയും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി ഇന്ത്യൻ ഭരണഘടനയിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൻകീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധമായ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതി അന്വേഷിക്കുകയും പരിശോധിക്കുകയും ചെയ്യുക.<br><br>2) ഈ വിഭാഗങ്ങളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതിനെപ്പറ്റി എടുത്തുപറയുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ഉചിതമായ അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്യുക.<br><br>3) പട്ടികജാതികളുടേയും പട്ടിക ഗോത്രവർഗ്ഗങ്ങളുടേയും സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുകയും ചെയ്യുക.<br><br>...2 |

| | | | |
|---|---|---|---|
| | | | 4) പട്ടികജാതികളുടേയും പട്ടിക ഗോത്രവർഗ്ഗങ്ങളുടേയും സംരക്ഷണത്തിനും ക്ഷേമത്തിനും സാമൂഹിക-സാമ്പത്തിക പുരോഗതിയ്ക്കും ആവശ്യമായ സംരക്ഷണ വ്യവസ്ഥകളും മറ്റ് നടപടികളും ഫലവത്തായി നടപ്പാക്കുന്നതിന് സർക്കാർ കൈക്കൊള്ളേണ്ടതായ നടപടികളെ സംബന്ധിച്ച് ശുപാർശകൾ നൽകുകയും സർക്കാരിന്, വാർഷികമായോ കമ്മീഷൻ യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള മറ്റ് സമയത്തോ, റിപ്പോർട്ട് നൽകുകയും ചെയ്യുക.<br><br>5) പട്ടികജാതികളുടേയും പട്ടിക ഗോത്രവർഗ്ഗങ്ങളുടേയും സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക.<br><br>കമ്മീഷൻ 14 തെളിവെടുപ്പുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | കമ്മീഷന്റെ കാലാവധി എന്നുവരെയാണ് എന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ എന്നും വ്യക്തമാക്കുമോ ;- | (ബി) | കാലാവധി മൂന്നു വർഷമാണ്. കമ്മീഷൻ 20.2.2008 ൽ ചുമതലയേറ്റെടുത്തിട്ടുണ്ട്.<br><br>പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണ്. |
| (സി) | പട്ടിക ജാതി-പട്ടികവർഗ്ഗ കമ്മീഷൻ എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) | റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 438 13.07.2009 ൽ മറുപടിയ്ക്ക്

## ഊർജ്ജ സംരക്ഷണത്തിനായി അനെർട്ട് നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |

(എ) ഊർജ്ജ സംരക്ഷണത്തിനായി അനെർട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ സി.എഫ്. വിളക്കു പ്രചാരണ പരിപാടിയിൽ അനെർട്ട് സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതി വഴിയായി സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. നഗരസഭാ പ്രദേശത്തെ തെരുവു വിളക്കുകൾ കൂടുതൽ ഊർജ്ജക്ഷമമാക്കുന്നതിനുള്ള ഇടപെടൽ പ്രൊജക്ടും സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. ഇതിനു പുറമെ പാചക ഊർജ്ജ സംരക്ഷണത്തിനുള്ള സുപ്രധാന ഇടപെടൽ പ്രവർത്തനമായ മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചാരണത്തിന് അനെർട്ട് തുടക്കം മുതൽക്കുതന്നെ പ്രാധാന്യം നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട ജൈവദ്രവ്യ അടുപ്പുകളുടെ പുതിയ മാതൃകകൾ പ്രചാരത്തിൽ കൊണ്ടുവരാനും അനെർട്ട് പരിപാടിയിട്ടിട്ടുണ്ട്. ഹോട്ടലുകൾ, റിസോർട്ടുകൾ, ഗസ്റ്റ് ഹൗസുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ആഫീസുകളിലെ ഊർജ്ജ ഓഡിറ്റ്, പമ്പിംഗ് സ്റ്റേഷനുകളിലെ ഊർജ്ജ ഓഡിറ്റ് എന്നിവയും ഏറ്റെടുക്കാൻ പരിപാടിയുണ്ട്.

(ബി) മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കാൻ അനെർട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി) മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചാരണം തുടക്കം മുതൽക്കുതന്നെ അനെർട്ടിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു. സബ്സിഡി നൽകിയും പ്രത്യേകം പരിശീലനം നൽകിയ പ്രവർത്തകർ വഴിയും പരമാവധി വീടുകളിലേയ്ക്കും, ഹോട്ടലുകൾ, ഹോസ്റ്റലുകൾ, സ്കൂളുകൾ എന്നിവിടങ്ങളിലേക്കും മെച്ചപ്പെട്ട അടുപ്പുകൾ എത്തിക്കാൻ അനെർട്ട് ശ്രമിച്ചിട്ടുണ്ട്. എന്നാൽ ആദ്യകാലം മുതൽക്ക് അനെർട്ട് പ്രചരിപ്പിക്കാൻ വരുന്ന മെച്ചപ്പെട്ട അടുപ്പ് മാതൃകകൾ സ്ഥലസൗകര്യം കുറഞ്ഞ അടുക്കളയുള്ള വീടുകൾക്കും ഭംഗിയേറിയ മാതൃകകൾ ആഗ്രഹിക്കുന്ന മേലേക്കിട വീടുകൾക്കും സ്വീകാര്യമാകുന്നില്ല. നിർവ്വഹണ പരിപാടികൾക്കുള്ള കേന്ദ്ര സർക്കാർ സബ്സിഡികൾ നിർത്തിയതിനെ തുടർന്ന് സ്ഥിരം ജില്ലാതല സംഘടനാ സംവിധാനങ്ങൾ ഇല്ലാതായതോടെ സ്ഥാപിക്കുന്ന അടുപ്പുകളുടെ ഊർജ്ജക്ഷമത കുറയുകയും, കാഴ്ചയ്ക്കു ഭംഗിയുള്ള അനുകരണ മാതൃകകൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇവയെത്തുടർന്നാണ് ഊർജ്ജക്ഷമത കൂടിയതും ഒതുക്കമുള്ളതും എടുത്തുമാറ്റാവുന്നതും അതേ സമയം ഉപയോഗത്തിനും കാഴ്ചയ്ക്കും കൂടുതൽ മേൻമയുള്ളതുമായ അടുപ്പുമാതൃകകൾക്കായി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പരിപാടിയുടെ ഭാഗമായി തെരച്ചിൽ നടത്തിയത്. ഇതിലൂടെ എടുത്തുമാറ്റാവുന്ന മെച്ചപ്പെട്ട ജൈവദ്രവ്യ അടുപ്പുകളുടെ

പുതിയ മാതൃകകൾ കണ്ടെത്താനായിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളുമായി ചേർന്ന് ഈ മെച്ചപ്പെട്ട അടുപ്പുകളുടെ പ്രചാരണം നടത്തുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. ഇതു കൂടാതെ പരിഷത്ത് അടുപ്പ് അതിന്റെ ഊർജ്ജക്ഷമത നിലനിറുത്തിക്കൊണ്ടുതന്നെ ആകർഷകമായ ഫിനിഷുകളുള്ള നാടൻ ടൈലുകൾ, സെറാമിക് ടൈലുകൾ, സ്റ്റീൽ, ഗ്രാനൈറ്റ് എന്നീ ഫിനിഷുകളോടു കൂടിയ അടുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സബ്സിഡി നിശ്ചയിച്ചും ഇതോടൊപ്പം വിവിധ വലിപ്പത്തിലുള്ള മെച്ചപ്പെട്ട കമ്മ്യൂണിറ്റി അടുപ്പുകൾക്കും സബ്സിഡി നിശ്ചയിച്ചിട്ടുണ്ട്. ഇവയുടെ നിർവ്വഹണവും അനെർട്ട് ഏറ്റെടുക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | മുൻ സർക്കാരിന്റെ കാലത്ത് എത്ര അടുപ്പുകൾ സബ്സിഡിയോടെ സ്ഥാപിച്ചു എന്ന് അറിയിക്കുമോ; | (സി) | മുൻ സർക്കാരിന്റെ കാലത്ത് സബ്സിഡിയോടെ **48079** അടുപ്പുകളാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അടുപ്പുകൾക്ക് എത്ര രൂപയാണ് സർക്കാർ സബ്സിഡിയായി നൽകുന്നത് എന്നും അറിയിക്കുമോ; | (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം **79935** അടുപ്പുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. അടുപ്പൊന്നിന് നൽകിയിരുന്ന സബ്സിഡി നിരക്ക് **SC/ST** യ്ക്ക് **800/-** രൂപയും ബി.പി.എൽ. വിഭാഗത്തിന് **300/-** രൂപയുമാണ്. |
| (ഇ) | അനെർട്ടിന്റെ വിറകടുപ്പുകളുടെ പ്രചാരണത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുമോ? | (ഇ) | മെച്ചപ്പെട്ട വിറകടുപ്പുകളുടെ പ്രചാരണത്തിനായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 439 — 13.07.2009-ൽ മറുപടിയ്ക്ക്

100 ദിവസത്തിനകം രാജ്യത്ത് നടപ്പാക്കേണ്ട വൈദ്യുത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ :<br>ശ്രീ. ജോർജ്ജ് എം. തോമസ് :<br>ശ്രീ.മുരളി പെരുനെല്ലി :<br>ശ്രീ. പി.ടി. എ. റഹീം : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ 100 ദിവസത്തിനകം രാജ്യത്ത് നടപ്പാക്കേണ്ട വൈദ്യുത പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി വിളിച്ചു ചേർത്ത സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം പങ്കെടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (എ) 23.06.2009-ൽ കേന്ദ്ര ഊർജ്ജ മന്ത്രി ശ്രീ. സുശീൽ കുമാർ ഷിൻഡെ, സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രിമാരുടെ യോഗം വിളിച്ചിരുന്നു. ഈ യോഗത്തിൽ കേരള സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രിയും ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും പങ്കെടുത്തിരുന്നു. |
| (ബി) വൈദ്യുതി മേഖലയിലെഎന്തെല്ലാം പ്രശ്നങ്ങളും പദ്ധതികളുമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചതെന്ന് വെളിപ്പെടുത്തുമോ ; | (ബി) കായംകുളം പദ്ധതി രണ്ടാംഘട്ട വികസനത്തിന് (1950 MW) ആവശ്യമായ ഇന്ധന ലഭ്യത താങ്ങാവുന്ന നിരക്കിൽ ദീർഘകാലത്തേയ്ക്ക് ഉറപ്പുവരുത്തണം. നിലവിലുള്ള കേന്ദ്ര വൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഇന്ധനം നൽകി ഉത്പാദനം വർദ്ധിപ്പിക്കണം. ക്രോസ് സബ്സിഡി നിർത്തലാക്കണമെന്ന കേന്ദ്ര നിർദേശം കർഷകർക്കും താഴ്ന്നവരുമാനക്കാർക്കും, ദുർബല വിഭാഗത്തിനും ദോഷകരമായതിനാൽ ആ നിബന്ധന ഒഴിവാക്കണം, ചീമേനിയിലെ 2400 മെഗാവാട്ടിന്റെ പദ്ധതിക്കാവശ്യമായ കൽക്കരി ബ്ലോക്കുകൾ അനുവദിക്കണം, രാജീവ് ഗാന്ധി ഗ്രാമ വൈദ്യുതീകരണ പദ്ധതി |

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ അനുവദിക്കണം, CERC പുതുക്കി നിർദേശിച്ച inter state transmission pricing രീതി പുനഃപരിശോധിക്കണം, വൈദ്യുത പദ്ധതികൾക്ക് പരിസ്ഥിതി വനം മന്ത്രാലയങ്ങളുടെ അനുമതി യഥാ സമയം ലഭ്യമാക്കണം എന്നിങ്ങനെയുള്ള പ്രശ്നങ്ങളാണ് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്.

| | |
|---|---|
| (സി) സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങളോട് കേന്ദ്രത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ? | (സി) കേന്ദ്ര നിലപാട് അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:440 13-7-2009 ൽ മറുപടിയ്ക്ക്

ഒറീസ്സയിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. പി. ജയരാജൻ<br>,, വി. ശശികുമാർ<br>,, വി.ജെ. തങ്കപ്പൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| എ) ഒറീസ്സയിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | ഗുജറാത്ത്, ഒറീസ്സ, കേരള എന്നീ സംസ്ഥാനങ്ങൾക്കു വേണ്ടി 3000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള താപവൈദ്യുതി പദ്ധതിക്കുവേണ്ടുന്ന കൽക്കരിപാടം കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. മൂന്നു സംസ്ഥാനങ്ങൾ ചേർന്ന് ഖനന കമ്പനി രൂപീകരിച്ചു. ഇതുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ തുടരുകയാണ്. ഒറീസ്സയിലെ ബൈതരണിയിലെ ഈ കൽക്കരി ഖനിയിൽ നിന്നും കേരളത്തിന് പ്രതിവർഷം 5 MT കൽക്കരി ലഭ്യമാകും. |
| ബി) ഇതിന് ആവശ്യമായ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | ബി) | ഉണ്ട്. |
| സി) കൽക്കരി ഖനനത്തിന് കമ്പനി രൂപീകരിക്കാനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | സി) | ഉണ്ട്. കെ.എസ്.ഇ.ബി, ഗുജറാത്ത് പവർ കോർപ്പറേഷൻ ലിമിറ്റഡ് & ഒറീസ ഹൈഡ്രോ പവർ കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ ചേർന്ന് ബൈതരണി വെസ്റ്റ് കോൾ കമ്പനി ലിമിറ്റഡ് എന്ന പേരിൽ സംയുക്ത സംരംഭം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഡി) ജനറേഷനുവേണ്ടി പ്രത്യേക കമ്പനി രൂപീകരിക്കേണ്ടതുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) പദ്ധതിമൂലം കേരളത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്; | ഇ) | ഒറീസ്സയിൽ നിന്നും ലഭിയ്ക്കുന്ന കൽക്കരി ഉപയോഗിച്ച് 1000 MW വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കാൻ കഴിയും. |
| എഫ്) വൈദ്യുതി കേരളത്തിലെത്തിക്കുന്നതിനുള്ള സംവിധാനം എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ? | എഫ്) | സംവിധാനത്തെക്കുറിച്ച് പഠിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ *441 | 13.07.2009 ൽ മറുപടിക്ക്

## സർചാർജ് ചുമത്തിയതിനെതിരെ അപ്പീൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റശേഷം ധനാപഹരണവുമായി ബന്ധപ്പെട്ട് സഹകരണ നിയമത്തിലെ 68-ാം വകുപ്പു പ്രകാരം എത്ര കേസുകളിൽ സർചാർജ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്; | എ) 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 68 പ്രകാരം സംസ്ഥാനത്തെ 20 (ഇരുപത്) സഹകരണ സംഘങ്ങളിലെ ധനാപഹരണവുമായി ബന്ധപ്പെട്ട് സർച്ചാർജ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പുറപ്പെടുവിച്ച സർചാർജ് ഉത്തരവുകളിൽ എത്ര എണ്ണത്തിൽ തുക ഈടാക്കിയിട്ടുണ്ട്; | ബി) മൂന്ന് എണ്ണത്തിൽ തുക ഭാഗികമായും ഒരെണ്ണത്തിൽ തുക പൂർണ്ണമായും ഈടാക്കിയിട്ടുണ്ട്. |
| സി) മേൽപ്പറഞ്ഞ ഉത്തരവുകൾക്കെതിരെ സർചാർജ് ചുമത്തപ്പെട്ട വ്യക്തികൾ ഗവൺമെന്റിലോ കോടതിയിലോ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ; അത്തരം കേസുകൾ വേഗം തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | സി) സർച്ചാർജ് ചുമത്തപ്പെട്ട 17 ഉത്തരവുകളിന്മേൽ വ്യക്തികൾ ഗവൺമെന്റിലും കോടതിയിലും അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. |

| | | |
|---|---|---|
| ഡി) | സഹകരണ സംഘങ്ങളുടെ ആഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ? | സഹകരണ സംഘങ്ങളുടെ ആഡിറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി സഹകരണ ആഡിറ്റ് മാനുവൽ കാലാനുസൃതമാക്കുന്നതിനും ആധുനീകവൽക്കരണത്തിനുമുള്ള നടപടികൾ സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് പ്രവർത്തനം ആരംഭിക്കുന്നതോടെ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ, ആഡിറ്റർമാർക്ക് ആവശ്യമായ പരിശീലനം നൽകി, ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

Rajendran

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ:442

13.07.2009 - ൽ മറുപടിയ്ക്ക്

## സഹകരണ അർബൻ ബാങ്കുകളിൽ ഗഹാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.സി. രാമൻ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. എം. ഉമ്മർ | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | സഹകരണ വായ്പാ മേഖലയിലെ ഏതെല്ലാം സ്ഥാപനങ്ങളെയാണ് ഗഹാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ സ്ഥാപനങ്ങളെ ഗഹാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അർബൻ സഹകരണ ബാങ്കുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ ? | (സി) | സ്വീകരിച്ചിട്ടുണ്ട്. അർബൻ സഹകരണ ബാങ്കുകൾക്ക് കൂടി ഗഹാൻ പദ്ധതി ബാധകമാക്കുന്നതിനായി കേരള സഹകരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ: 443

13.7.2009-ൽ മറുപടിയ്ക്ക്

"ശബരിമലതീർത്ഥാടകർക്കായി കൺവെൻഷൻ സെന്റർ സ്ഥാപിക്കുവാൻ നടപടി"

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി. രാജഗോപാലൻ:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. വി.എൻ. വാസവൻ:<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. കെ.കെ. ജയചന്ദ്രൻ: | ശ്രീ. ജി. സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും<br>കയറും ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ)ശബരിമല തീർത്ഥാടകർക്ക് വിശ്രമത്തിന് ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഉണ്ട്. ശബരിമല തീർത്ഥാടകർക്ക് വിശ്രമത്തിനായി നിലയ്ക്കലിൽ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. വിശ്രമ കേന്ദ്രം, അന്നദാനം ഹാൾ, താമസസൗകര്യം, ഡോർമെട്രി, 10000പേർക്ക് സമ്മേളിക്കുവാൻ കഴിയുന്ന ഓഡിറ്റോറിയം, ഭക്ഷണം കഴിക്കാനുള്ള സൗകര്യം, ആധുനിക സ്റ്റേജ്, അനുബന്ധ റൂമുകൾ, തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ ഒരു കൺവെൻഷൻ സെന്റർ വിദഗ്ദ്ധരായ ആർക്കിടെക്റ്റുകളുടെ സഹായത്തോടെ നിലയ്ക്കലിലെ വികസനത്തിനായുള്ള മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കണമെന്നാണ് തീരുമാനം. ഇതിന്റെ ഡിസൈൻ തയ്യാറാക്കുവാൻ ദേവസ്വം ബോർഡ് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി)എത്ര പേർക്ക് അതിന്റെ പ്രയോജനം ലഭിക്കും : സെന്ററിന്റെ നിർമ്മാണത്തിന് എന്തു ചെലവു പ്രതീക്ഷിക്കുന്നു ; | (ബി) ഏകദേശം 10,000 പേർക്ക് ഇതിന്റെ സൗകര്യം ലഭിക്കുന്നതാണ്. പ്ലാൻ തയ്യാറാക്കിയാൽ മാത്രമെ നിർമ്മാണചെലവു കണക്കുകൂട്ടാൻ സാധിക്കുകയുള്ളൂ. |
| (സി) കഴിഞ്ഞ ശബരിമല തീർത്ഥാടന കാലത്ത് എത്ര കോടി രൂപയുടെ വരുമാനം ലഭിച്ചു എന്ന് അറിയിക്കുമോ ? | (സി) കഴിഞ്ഞ സീസൺ കാലത്ത് ശബരിമലയിൽ 132കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. |

Sulathaon

സെക്ഷൻ ഓഫീസർ

— — — — — — — — —

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 444 — 13.07.2009-ൽ മറുപടിയ്ക്ക്

## മലബാർ മേഖലയിലെ വൈദ്യുതി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ടി. അഹമ്മദ് അലി :<br>ശ്രീ. പി.കെ. അബ്ദു റബ്ബ് : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) മലബാർ മേഖലയിൽ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; ഈ മേഖലയിലെ സെക്ഷൻ ഓഫീസുകളിൽ ആവശ്യമായ മെറ്റീരിയൽസ് ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) എങ്കിൽ ഇതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ മേഖലയിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനായി 2263.9 കി.മീ. 11 കെ.വി. ലൈൻ, 12725.7 കി.മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിയ്ക്കുകയും 3152 ട്രാൻസ്ഫോർമറുകൾ സ്ഥാപിയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ 2003 കി.മീ. 11 കെ.വി. ലൈൻ, 3359 കി.മീ. എൽ.റ്റി. ലൈൻ എന്നിവ നിർമ്മിയ്ക്കുവാനും 2234 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനുമുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.<br><br>കൂടാതെ ഈ മേഖലയിൽ 4 ഡിവിഷൻ ഓഫീസുകളും 3 സബ് ഡിവിഷൻ ഓഫീസുകളും 31 സെക്ഷനാഫീസുകളും പുതുതായി തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>100 കെ.വി.എ ട്രാൻസ്ഫോർമറുകൾ, എ.ബി. സ്വിച്ച്, പോസ്റ്റുകൾ എന്നിവയ്ക്ക് ദൗർലഭ്യം |

നേരിട്ടിരുന്നു. ഇതിൽ ട്രാൻസ്ഫോർമർ, എ.ബി. സ്വിച്ച് എന്നിവ ലഭ്യമാക്കിയിട്ടുണ്ട് പോസ്റ്റിന്റെ ലഭ്യത ഉറപ്പു വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

\- - - - - - - - - - - -

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : 445 — 13-07-2009-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിൻെറ പെൻഷൻ ബാദ്ധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. എൻ. ശക്തൻ<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പുമന്ത്രി ) |
| എ) വൈദ്യുതി ബോർഡിൻെറ പെൻഷൻ ബാദ്ധ്യതയെത്രയാണെന്നറിയിക്കുമോ ; | എ) പെൻഷൻ, ഗ്രാറ്റുവിറ്റി തുടങ്ങിയ തുകകൾ നൽകുന്നതിന് ഒരു മാസം ഏകദേശം 30 കോടി രൂപ ഇപ്പോൾ വൈദ്യുതി ബോർഡിന് ചെലവുവരുന്നുണ്ട്. |
| ബി) ഈ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി, സി, ഡി, ഇ & എഫ്<br>ഇക്കാര്യം സർക്കാരിൻെറ പരിഗണനയിലില്ല. |
| സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ; | |
| ഡി) വൈദ്യുതി ബോർഡിൻെറ പെൻഷൻ ബാദ്ധ്യത എൽ. ഐ. സി. യെ ഏല്പിക്കാനുദ്ദേശമുണ്ടോ ; | |
| ഇ) എങ്കിൽ എന്തെല്ലാം വ്യവസ്ഥകളിന്മേൽ എന്ന് പറയുമോ ; | |
| എഫ്) വൈദ്യുതി ബോർഡ് ഈ വ്യവസ്ഥ അംഗീകരിക്കാൻ തയ്യാറായിട്ടുണ്ടോ ? | |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 446

13.07.2009 - ൽ മറുപടിയ്ക്ക്

## സർക്കാർ പരിപാടികൾ നടപ്പാക്കുന്നതിൽ സഹകരണ ബാങ്കുകൾ വീഴ്ച വരുത്തുന്നതായ പരാതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. കെ.പി. മോഹനൻ<br>ശ്രീ. എം.കെ. പ്രേംനാഥ് | | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | കേന്ദ്ര/സംസ്ഥാന സർക്കാർ പരിപാടികൾ നടപ്പിലാക്കുന്ന കാര്യത്തിൽ സഹകരണ ബാങ്കുകൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അപൂർവ്വം ബാങ്കുകൾ വീഴ്ച വരുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | സഹകരണ നിയമ പ്രകാരം നടപടികൾ എടുത്തു വരുന്നു. |
| (സി) | സംസ്ഥാന സഹകരണ ബാങ്കുകളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ ? | (സി) | ബാങ്കിംഗ് റഗുലേഷൻ ആക്റ്റിന്റെ പരിധിയിൽ വരുന്ന, സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ റിസർവ്വ് ബാങ്കിന്റെ സാമ്പത്തിക കാര്യങ്ങളിലുള്ള നിയന്ത്രണവും നിർദ്ദേശങ്ങളും പാലിച്ചു കൊണ്ട് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സാമ്പത്തിക കെട്ടുറപ്പുള്ള ധനകാര്യ സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് ഉപകരിക്കുന്ന ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് സംസ്ഥാന സഹകരണ ബാങ്കുകളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന്റെ |

നയം. സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നഷ്ടത്തിന്റെ കാരണം കണ്ടെത്തി അത് ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം മതിയായ മൂലധന പര്യാപ്തതയും സാമ്പത്തിക അടിത്തറയുമുള്ള സഹകരണ ബാങ്കുകളാക്കി സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ മാറ്റിയെടുക്കുക എന്നതും സർക്കാരിന്റെ നയമാണ്. സഹകരണ ബാങ്കുകളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയും, നബാർഡും, സഹകരണ സംഘം രജിസ്ട്രാറും സഹകരണ ബാങ്കുകൾ സാമ്പത്തിക നിയന്ത്രണങ്ങൾ പാലിക്കുന്നത് ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 447** **13-7-2009 ന് മറുപടിയ്ക്ക്**

**ഇടുക്കി ജല വൈദ്യുത പദ്ധതിയുടെ ഭൂഗർഭ തുരങ്കത്തിന്റെ ഷട്ടറിനിടയിലൂടെയുള്ള ചോർച്ച**

ചോദ്യം

ശ്രീ. പികെ. അബ്ദുറബ്ബ്
" അബ്ദുറഹിമാൻ രണ്ടത്താണി

എ) ഇടുക്കി ജലവൈദ്യുതപദ്ധതിയുടെ ഭൂഗർഭതുരങ്കത്തിന്റെ ഷട്ടറിനിടയിലൂടെയുള്ള ചോർച്ച തീർക്കാതെയാണ് വൈദ്യുതിനിലയം പ്രവർത്തനമാരംഭിക്കുന്നതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

മറുപടി

**ശ്രീ. എ.കെ. ബാലൻ**
**(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)**

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പവർഹൗസിനെ സംബന്ധിച്ചിടത്തോളം ടണൽ ഇൻടേക്ക് ഗേറ്റ് ഷട്ടറിനടിയിലൂടെയുള്ള ചോർച്ച പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കുന്നില്ല. കാരണം പവർഹൗസ് പ്രവർത്തിക്കുമ്പോൾ ഇൻടേക്ക് ഗേറ്റ് ഷട്ടർ ഉയർത്തി പൂർണ്ണമായും ടണലിനു പുറത്ത് ഭൂമിയുടെ ഉപരിതലത്തിലുള്ള ഹോയിസ്റ്റ് ചേമ്പറിനു മുകളിലാണ് സൂക്ഷിക്കുന്നത്. മാത്രമല്ല ഇൻടേക്ക് ഗേറ്റിനു താഴെയുള്ള രണ്ട് ബട്ടർ ഫ്ളൈവാൽവുകളും മെയിൻ ഇൻലെറ്റ് വാൽവും (എം.ഐ.വി) പൂർണ്ണമായും പ്രവർത്തനക്ഷമവും സുരക്ഷിതവുമാണ്.

ഇടുക്കി പദ്ധതിയെസംബന്ധിച്ചിടത്തോളം ഇൻടേക്ക്ഗേറ്റ് മുതൽ പവർഹൗസ് വരെയുള്ള ടണലും പെൻസ്റ്റോക്കുകളും ഭൂമിക്കടിയിലൂടെയാണ്. കൂടാതെ പെൻസ്റ്റോക്കിന്റെ കനം അളന്നപ്പോൾ ഒട്ടുംതന്നെ കുറവുവന്നതായി കണ്ടില്ല. തുരുമ്പിന്റെ അംശം കണ്ടില്ല. മേൽ കാരണങ്ങളാൽ പെൻസ്റ്റോക്കിനോ, പവർഹൗസിനോ, ടണലിനോ, ഇൻടേക്ക് ഷട്ടർ അടയ്ക്കുമ്പോൾ ഉണ്ടാകുന്ന ചെറിയ ചോർച്ചമൂലം യാതൊരു അപകടവും ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് ഇടുക്കി പദ്ധതിയുടെ പ്രവർത്തനം

| | | | |
|---|---|---|---|
| | | | പുനരാരംഭിച്ചത്. ഇൻടേക്ക് ഷട്ടറിന് കേടുപാടുകളൊന്നും സംഭവിച്ചിട്ടില്ല. ഷട്ടറിന്റെ അടിവശത്തെ സീറ്റിംഗിന്റെ വിടവിൽക്കൂടിയാണ് ചോർച്ച ഉണ്ടായിട്ടുള്ളത് |
| ബി) | ഇപ്പോൾ താരതമ്യേന ചെറുതാണെങ്കിലും ഭാവിയിൽ ഗുരുതരമാകാവുന്ന ചോർച്ച പരിഹരിക്കുന്നതിൽ നിന്ന് ബോർഡ് പിന്മാറിയതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ബി) | ഇൻടേക്ക് ഷട്ടർ അടയ്ക്കുമ്പോൾ അതിനടിയിൽക്കൂടിയുള്ള ചോർച്ച ഭാവിയിൽ ഗുരുതരമാവാനോ വൈദ്യുതിനിലയത്തിന്റെ പ്രവർത്തനത്തെ ബാധിയ്ക്കുവാനോ സാധ്യതയില്ല. ഈ ചോർച്ച പരിഹരിയ്ക്കണമെങ്കിൽ ഇടുക്കി ജലസംഭരണിയിലെ കുളമാവിന് സമീപമുള്ള റിസർവോയറിലെ ജലനിരപ്പ് ഭൂഗർഭ തുരങ്കത്തിന്റെ ബെഡ്‌ലെവൽവരെ താഴ്ത്തി, ഷട്ടർ താഴ്ത്തിവയ്ക്കുന്ന ഭാഗം പരിശോധിച്ച്, അവിടെ ആവശ്യമുള്ള അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച പരിഹരിയ്ക്കാവുന്നതാണ്. വൈദ്യുതി പ്രതിസന്ധി രൂക്ഷമായ ഈ സമയത്ത് ഗുരുതരമല്ലാത്ത ഈ ചോർച്ച പരിഹരിയ്ക്കാൻ ശ്രമിയ്ക്കുന്നത് ഗുണകരമല്ലാത്തതിനാലാണ് അത് തൽക്കാലം മാറ്റി വച്ചത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 448 — 13.7.2009-ൽ മറുപടിയ്ക്ക്

## പുതിയ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്:<br>ശ്രീ.കോവൂർ കുഞ്ഞുമോൻ: | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) ഏതെല്ലാം രംഗങ്ങളിൽ എവിടെയെല്ലാമാണ് തൊഴിലവസരങ്ങൾ സൃഷ്ടിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) -do - |
| (സി) ഇതുമൂലം എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിച്ചിട്ടുണ്ട്; പുതുതായി തൊഴിൽ സൃഷ്ടിക്കപ്പെട്ടതിന്റെ ഫലമായി ഓരോ രംഗത്തും എന്ത് തുകയ്ക്കുള്ള ഉൽപ്പാദന വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) -do - |
| (ഡി) തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി എത്ര രൂപയുടെ മുതൽമുടക്ക് വേണ്ടിവന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) -do - |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 449

13.07.2009 - ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. ഹംസ**<br>**ശ്രീ. പി. കൃഷ്ണപ്രസാദ്**<br>**ശ്രീ. എം.എം. മോനായി**<br>**ശ്രീ. സി.കെ.പി. പത്മനാഭൻ**<br>**ശ്രീ. വി.എൻ. വാസവൻ** | **ശ്രീ.ജി.സുധാകരൻ**<br>**(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ മിച്ചമുള്ള തുക സഹകരണ ബാങ്കുകളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്ന് വ്യവസ്ഥയുണ്ടോ; | (എ) ഉണ്ട്. സഹകരണ നിയമം വകുപ്പ് 57(ഡി) പ്രകാരം രജിസ്ട്രാറുടെ അനുമതിയോടെ സഹകരണ സംഘങ്ങൾക്ക് ഏത് ബാങ്കുകളിലും നിക്ഷേപിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണ ബാങ്കിന്റെ പണം സഹകരണ ബാങ്കിൽ തന്നെ നിക്ഷേപിക്കണമെന്ന് സർക്കാർ 2006-ൽ തന്നെ അറിയിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന് വിരുദ്ധമായി സ്വകാര്യ ബാങ്കുകളിൽ നിക്ഷേപം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് നിലവിൽ സഹകരണ ബാങ്കുകൾക്ക് പുറമേ സൗത്ത് ഇൻഡ്യൻ ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക് ,തമിഴ്നാട് മർക്കന്റെയിൽ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതിന് പുറമേ മുൻ വർഷങ്ങളിൽ ലക്ഷ്മിവിലാസ് ബാങ്ക്, സെഞ്ചൂറിയൻ ബാങ്ക്, ഇൻഡസ്-ഇൻഡ് ബാങ്ക് തുടങ്ങിയ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടായിരുന്നെങ്കിലും നിലവിൽ യാതൊരു തുകയും ടി ബാങ്കുകളിൽ നിക്ഷേപമായി നിൽക്കുന്നില്ല. ബാങ്കിന്റെ മിച്ച ധനം വാണിജ്യ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നതിന് 17.11.1993-ൽ |

സഹകരണ സംഘം രജിസ്ട്രാർ നൽകിയ ഉത്തരവ്, രജിസ്ട്രാർ 11.2.1999-ൽ പിൻവലിച്ചുവെങ്കിലും ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തതിനെത്തുടർന്ന് ബാങ്ക് സ്വകാര്യ/വാണിജ്യ ബാങ്കുകളിൽ നിക്ഷേപം നടത്തി യിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇത്തരം നിക്ഷേപം നടത്തിയതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുമോ ; | (സി) | സ്വകാര്യ/വാണിജ്യ ബാങ്കുകളിൽ നിക്ഷേപം നടത്തിയതിൽ ക്രമക്കേടുകളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പണം സ്വകാര്യ ബാങ്കുകളിലടക്കം വെളിയിൽ നിക്ഷേപിച്ചത് ഒട്ടും ശരിയായില്ല എന്നതാണ് സർക്കാർ സമീപനം. പ്രത്യേകിച്ച് സർക്കാർ നിയമിച്ച ഐ.എ.എസ് കാരനായ മാനേജിംഗ് ഡയറക്ടർ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റർ അറിയാതെ പണം നിക്ഷേപിച്ചത് ആക്ഷേപത്തിന് ഇടയാക്കിയിട്ടുണ്ട്. |
| (ഡി) | കാർഷിക ഗ്രാമ വികസന ബാങ്കിൽ വായ്പയ്ക്കുള്ള അപേക്ഷകളിൽ അടിയന്തിരമായി തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | | ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടാൽ ബാങ്കിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *450      13. 07. 2009 ൽ മറുപടിയ്ക്ക്

ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ: എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ എംപ്ലോയ് മെൻറ് ഓഫീസുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യത അനുസരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് എല്ലാ വർഷവും പ്രസിദ്ധീകരിക്കാറുണ്ടോ; | എ) | മൂന്ന് വർഷത്തിലൊരിക്കലാണ് എംപ്ലോയ് മെൻറ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കാറുള്ളത്. |
| ബി) | സീനിയോറിറ്റി ലംഘിച്ച് നിയമനം നൽകിയ കേസ്സുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എങ്കിൽ 2008 ൽ സീനിയോറിറ്റി ലംഘിച്ച് നിയമനം നൽകിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സി) | സീനിയോറിറ്റി ലംഘിച്ച് ഉദ്യോഗദായകന് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്തതിന് 3 ഉദ്യോഗസ്ഥർക്കെതിരെ 2008 ൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ രണ്ട് ഉദ്യോഗസ്ഥരുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞിട്ടുണ്ട്. മറ്റൊരു ഉദ്യോഗസ്ഥനെതിരെ കഠിനശിക്ഷക്കുള്ള അച്ചടക്ക നടപടി നടന്നുവരുന്നു. |
| ഡി) | രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് സംബന്ധമായ വിവരങ്ങൾ സുതാര്യമാക്കുവാൻ ഈ വിവരം വെബ്സൈറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ